**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല – തിരുവമ്പാടി ഗ്രാമപഞ്ചായത്ത് - പുല്ലൂരാംപാറ ഹയർസെക്കണ്ടറി സ്കൂളിലെ സംസ്ഥാന സ്കൂൾ കായിക മേളയിൽ പങ്കെടുത്ത് വിജയിച്ച കുട്ടികൾക്കും പരിശീലകർക്കും പാരിതോഷികം - ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3776/2017/തസ്വഭവ 　　　　　　　　തിരുവനന്തപുരം, തീയതി, 24/11/2017

---

പരാമർശം:- 1. തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27/10/2017 ലെ കത്ത്.
2. ശ്രീ. ജോർജ് എം. തോമസ് എം.എൽ.എ യുടെ 09/11/2017 ലെ കത്ത്.

**ഉത്തരവ്**

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽപ്പെട്ട പുല്ലൂരാംപാറ സെന്റ് ജോസഫ് യു.പി/ ഹൈസ്കൂൾ/ ഹയർസെക്കണ്ടറി സ്കൂളുകളിൽ നിന്നും സംസ്ഥാന സ്കൂൾ കായികമേളയിൽ പങ്കെടുത്ത മിടുക്കരായ കായികതാരങ്ങൾ 7 സ്വർണ്ണവും 9 വെള്ളിയും 3 വെങ്കലവും നേടി കേരളത്തിലെ രണ്ടാമത്തെ മികച്ച സ്കൂളായി മാറിയിട്ടുണ്ടെന്നും, ടി കുട്ടികൾക്കും പരിശീലകർക്കും സാമ്പത്തിക പാരിതോഷികം നൽകുന്നതിലേക്കായി രണ്ട് ലക്ഷം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1), (2) കത്തുകൾ പ്രകാരം ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽപ്പെട്ട പുല്ലൂരാംപാറ സെന്റ് ജോസഫ് യു.പി/ ഹൈസ്കൂൾ/ ഹയർസെക്കണ്ടറി സ്കൂളുകളിൽ നിന്നും സംസ്ഥാന സ്കൂൾ കായികമേളയിൽ പങ്കെടുത്ത് വിജയിച്ച മിടുക്കരായ കായികതാരങ്ങൾക്കും പരിശീലകർക്കും സാമ്പത്തിക പാരിതോഷികം നൽകുന്നതിലേക്കായി 2,00,000/- (രണ്ട് ലക്ഷം) രൂപ സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡന്റ്/ സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് - 673603
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ